**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 542** | **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ലഹരി കേസുകളിൽ സ്ഥിരം പ്രതികളാകുന്നവരുടെ കരുതൽ തടങ്കൽ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. പി. കെ. നവാസ്

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. ടി. വി. ഇബ്രാഹിം

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** ലഹരി കേസുകളിൽ സ്ഥിരം പ്രതികളാകുന്നവരുടെ പട്ടിക തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

**<u>മറുപടി:</u>** ലഹരി കേസുകളിൽ സ്ഥിരം പ്രതികളാകുന്നവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്.

**(ബി)** ഒന്നിലേറെ ലഹരി കേസുകളിൽ പ്രതികളാകുന്നവരെ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിന് നിയമ വ്യവസ്ഥയുണ്ടോ;

**<u>മറുപടി:</u>** ഒന്നിലേറെ ലഹരി കേസുകളിൽ പ്രതികളാകുന്നവരെ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിന് Prevention of Illicit Traffic in Narcotic Drugs and Psychotropic Substance Act, 1988 പ്രകാരം വ്യവസ്ഥയുണ്ട്. മേൽ നിയമ പ്രകാരം പ്രതികൾക്കെതിരെ കരുതൽ തടങ്കൽ നടപടി സ്വീകരിച്ച് വരുന്നു.

**(സി)** ലഹരി പദാർത്ഥങ്ങളുടെ വ്യാപനം തടയുന്നതിനായി, സ്ഥിരം കുറ്റവാളികളായവരെ കരുതൽ തടങ്കലിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** ലഹരി പദാർത്ഥങ്ങളുടെ വ്യാപനം തടയുന്നതിനായി സ്ഥിരം കുറ്റവാളികളായവരെ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. നിലവിൽ ഇപ്രകാരം 10 പ്രതികളെ കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**